## പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4352 — 13/12/2018 ൽ മറുപടിക്ക്

### ദേവസ്വം ബോർഡ് ശബരിമലയിൽ ഒരുക്കിയ അടിസ്ഥാന സൗകര്യങ്ങൾ

ചോദ്യം — മറുപടി

ശ്രീ.കെ.വി.വിജയദാസ്

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണ്ഡലകാലത്ത് ദേവസ്വം ബോർഡ് അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള വസ്തുതാ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br>മണ്ഡലകാലത്ത് അയ്യപ്പൻമാർക്ക് ആവശ്യമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും മുൻ വർഷത്തെപ്പോലെ ഒരുക്കിയിട്ടുള്ളതാണ്. |
| (ബി) | അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് ഭക്തർക്കായി ദേവസ്വം ബോർഡ് ശബരിമലയിൽ ചെയ്തിട്ടുള്ളത്; | (ബി) യും (സി) യും | 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും, കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ |
| (സി) | പ്രളയം ഏറെ കഷ്ടനഷ്ടങ്ങൾ വരുത്തിയിട്ടും ചുരുങ്ങിയ സമയത്തിനുള്ളിൽ സന്നിധാനത്തും പരിസര പ്രദേശങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാർ ഒരുക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ? | | |

| | | | |
|---|---|---|---|
| | | | നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ് ലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അട്ടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി ഭയാശങ്കകളില്ലാതെ തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ